

# മുംബൈ ഭീകരാക്രമണം ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ

കുറിപ്പുകൾ

●

**ഹാദി**

**മാഹാരാഷ്**ട്ര ഭീകരവിരുദ്ധ സേന (എ.ടി.എസ്), മാലേഗാവ് സ്ഫോടനത്തെക്കുറിച്ച് നിർണായക വിവരങ്ങൾ കിട്ടിയിരിക്കുന്നുവെന്ന് വെളിപ്പെടുത്തിയ അതേ ദിവസം തന്നെയാണ് രാജ്യത്തെ നടുക്കിയ മുംബൈ ആക്രമണം നടന്നത്. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന മഹാരാഷ്ട്രയിലെ മുംബൈ പട്ടണത്തെ ഒന്നാകെ പിടിച്ചുകുലുക്കിയ ആക്രമണം ആരംഭിച്ചത് 26.11.2008 രാത്രി 8.30ഓടെയാണ്. ഈ കുറിപ്പ് എഴുതുമ്പോഴും (27.11.2008) നിലച്ചിട്ടില്ലാത്ത സ്ഫോടനങ്ങളും വെടിവെപ്പും രാജ്യത്തെ ഒന്നാകെ ഞെട്ടിച്ചിരിക്കുകയാണ്. വിദേശികളുൾപ്പെടെ നൂറിലേറെ പേർ കൊല്ലപ്പെടുകയും അനേകമാളുകൾക്ക് പരിക്കേൽക്കുകയും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നാണ് ഇതുവരെയുള്ള റിപ്പോർട്ട്. സ്വസ്ഥതയും സമാധാനവും നശിപ്പിച്ച് രാജ്യത്തെ അരാജകത്വത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും തള്ളിവിടുന്നു എന്നതാണ് എല്ലാ ആക്രമണങ്ങളുടെയും ഏറ്റവും വലിയ ദുരന്തം.

തിരക്കുപിടിച്ച നഗരത്തിലെ തന്ത്രപ്രധാന കേന്ദ്രങ്ങളിലാണ് ആക്രമണം നടന്നിട്ടുള്ളത്. താജ് ഹോട്ടൽ, ഒബ്റോയ് ഹോട്ടൽ, ഛത്രപതി ശിവജി റെയിൽവേ സ്റ്റേഷൻ, ട്രൈഡന്റ് ഹോട്ടലുകൾ, വിലെ ഹർലെ, കാമാ ഹോസ്പിറ്റൽ, സാന്താ ക്രൂസ് തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടായ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും സംഭവ സ്ഥലങ്ങളുടെയും ദൃശ്യങ്ങൾ ഹൃദയഭേദകമാണ്. പോലീസിന്റെയും വിവിധ സൈനിക വിഭാഗങ്ങളുടെയും മറ്റും സത്വരമായ ഇടപെടലുകളും ജീവൻ പണയപ്പെടുത്തിയുള്ള പോരാട്ടവുമായിരിക്കാം ദുരന്തത്തെ ഇതിലും ഭയാനകമാക്കാതിരുന്നത്.

## ഹേമന്ദ് കർക്കറെയുടെ മരണം

മുംബൈ പോലീസിന്റെ തീവ്രവാദ വിരുദ്ധ സ്ക്വാഡിന്റെ തലവൻ ഹേമന്ദ് കർക്കറെ ഉൾപ്പെടെ മൂന്ന് എ.ടി.എസ്സുകാരും നാലു പോലീസുകാരും കൊല്ലപ്പെട്ടു. ഹിന്ദുത്വ ഭീകരതയുടെ കാവി മുഖം അനാവരണം ചെയ്ത മാലേഗാവ് സ്ഫോടനക്കേസ് അന്വേഷിക്കുന്നത് മഹാരാഷ്ട്ര ഭീകരവിരുദ്ധ സ്ക്വാഡാണ്, അന്വേഷണങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഹേമന്ദ് കർക്കറെയും. സ്ഫോടനക്കേസിൽ പ്രധാനപ്രതിയായ സ്വാമി ദയാനന്ദ് പാണ്ഡെയുടെ ലാപ്ടോപ്പ് പരിശോധിച്ച അന്വേഷണ സംഘത്തിന് നിർണായക വിവരങ്ങളാണ് കിട്ടിയത്. തദടിസ്ഥാനത്തിൽ അവർ കോടതിയിൽ അപേക്ഷ സമർപ്പിച്ചു. കോടതി സ്വാമിയെ ചോദ്യം ചെയ്യാനായി അന്വേഷണ സംഘത്തിന് വിട്ടുകൊടുത്ത ഇരുപത്തിയാറാം തീയതിയാണ് ഭീകരാക്രമണം നടന്നത്. മാലേഗാവ് സ്ഫോടനത്തിനു തൊട്ടുമുമ്പ് ദയാനന്ദ് പാണ്ഡെ, സന്യാസിനി പ്രജ്ഞാസിംഗ് ഠാക്കൂർ, ലഫ്. കേണൽ പ്രസാദ് പുരോഹിത് എന്നിവർ നടത്തിയ സംഭാഷണങ്ങളുടെ വീഡിയോ ദൃശ്യമാണ് എ.ടി.എസ്സിന് കിട്ടിയിട്ടുള്ളത്. മതസംഘടനാ നേതാക്കൾ തമ്മിലുള്ള ചർച്ചയുടെ രേഖകളും

ഉണ്ട് വീഡിയോ ക്ലിപ്പിംഗിൽ. ഇതിന്റെ വിശദാംശങ്ങൾ കോടതിയിൽ സമർപ്പിച്ചാണ് അന്വേഷണ സംഘം സ്വാമിയെ കസ്റ്റഡിയിൽ വാങ്ങിയത്. അന്നേ ദിവസം തന്നെയാണ് ഹേമന്ദ് കാർക്കറെ വെടിയേറ്റ് മരിച്ചത്. പ്രജ്ഞാസിംഗ് ഠാക്കൂറിനെ കാർക്കറെ പീഡിപ്പിക്കുന്നുവെന്ന് ബി.ജെ.പി ആരോപണം ഉന്നയിച്ചിരുന്നു. അദ്ദേഹത്തിന്റെ വീട് ഏതാനും നാളുകൾക്കകം സ്ഫോടനത്തിൽ തകർക്കുമെന്ന് പൂനെ പോലീസിന് ഫോണിൽ ഭീഷണിയും ലഭിച്ചിരുന്നു. പൂനെയിലെ സാഹ്കാർ മേഖലയിലെ ബൂത്തിൽനിന്നായിരുന്നു ഫോൺ സന്ദേശം. 'വീട്' എന്നതുകൊണ്ട് എന്തായിരിക്കും ഭീഷണിപ്പെടുത്തിയവർ ഉദ്ദേശിച്ചിട്ടുണ്ടാവുക?

## ഉത്തരം കിട്ടേണ്ട ചോദ്യങ്ങൾ

ആക്രമണം ഉണ്ടായ പ്രധാനപ്പെട്ട രണ്ട് സ്ഥലങ്ങൾ ഒബ്റോയ്, താജ് ഹോട്ടലുകളാണ്. ഒബ്റോയ് ഹോട്ടലിന്റെ 7-8 നിലകളിൽ വരെ അക്രമികൾ എത്തിയിരിക്കുന്നു. അവിടെ ബോംബ് സ്ഫോടനങ്ങളും വെടിവെപ്പും നടക്കുന്നു. ഇരുന്നൂറോളം പേർ ബന്ദികളാക്കപ്പെടുന്നു. ഹോട്ടലുകളിൽ മരിച്ചവരിൽ ഏറെയും വിദേശികളാണ്. അമേരിക്കക്കാരെയും ബ്രിട്ടീഷുകാരെയും തെരഞ്ഞുപിടിച്ച് കൊന്നു എന്നാണ് റിപ്പോർട്ടുകൾ. ഒരു രാവും പകലും ശ്രമിച്ചിട്ടും ബന്ദികളാക്കപ്പെട്ടവരിൽനിന്ന് ഏഴു പേരെ മാത്രമേ മോചിപ്പിക്കാൻ സാധിച്ചിട്ടുള്ളൂ. ഒരു തീവ്രവാദിയെ ജീവനോടെ പിടിച്ചുവെന്നും ചിലരെ വെടിവെച്ചു കൊന്നുവെന്നും ചിലർ രക്ഷപ്പെട്ടുവെന്നും കേൾക്കുന്നു. സംഭവം നടക്കുമ്പോൾ കേരളത്തിൽനിന്നുള്ള എൻ.എൻ കൃഷ്ണദാസ് ഉൾപ്പെടെ 5 എം.പിമാർ ഹോട്ടലിൽ ഉണ്ടായിരുന്നു. രാഷ്ട്രീയ നേതാക്കളും വിദേശികളും വ്യവസായ പ്രമുഖരും മാത്രം താമസിക്കുന്ന ഹോട്ടലുകളാണ് താജും ഒബ്റോയും. അതുകൊണ്ടുതന്നെ നല്ല സുരക്ഷാ സജ്ജീകരണങ്ങളുള്ളവ; ആവർത്തിക്കപ്പെടുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷ കൂടുതൽ ശക്തമാക്കേണ്ടതാണ് താനും. എന്നിട്ടും ഈ ഹോട്ടലുകളിൽ 7-8 നിലകൾ വരെ, മണിക്കൂറുകൾ പോരാടാനുള്ള സ്ഫോടകവസ്തുക്കളും വെടിക്കോപ്പുകളുമായി ഇത്രയേറെ അക്രമികൾക്ക് എങ്ങനെ കയറിപ്പറ്റാൻ കഴിഞ്ഞു? ഹോട്ടലിനകത്തും പുറത്തും സ്ഥാപിച്ചിട്ടുള്ള സൂക്ഷ്മ നിരീക്ഷണ കാമറകളിലും സുരക്ഷാ ഉദ്യോഗസ്ഥരുടെ കണ്ണുകളിലും അവർ പെടാതിരുന്നത് എന്തുകൊണ്ട്?

ഛത്രപതി ശിവജി റെയിൽവേ സ്റ്റേഷനാണ് മറ്റൊന്ന്. 12-ാം പ്ലാറ്റ്ഫോമിലെ റിസർവേഷൻ കൗണ്ടറിനു മുമ്പിൽനിന്നാണ് വെടിവെപ്പ് ആരംഭിച്ചത്. തുടർന്ന് 13, 02 പ്ലാറ്റ്ഫോമുകളിലേക്ക് ചെന്ന് എ.കെ 47 തോക്ക് കൊണ്ട് അക്രമികൾ വെടിവെച്ചു. നിരവധി യാത്രക്കാർ മരിക്കുകയും മുംബൈയിലെ റെയിൽ ഗതാഗതം സ്തംഭിക്കുകയും ചെയ്തു. അക്രമികൾ വെടിവെക്കാനാരംഭിച്ചപ്പോൾ റെയിൽവേ സ്റ്റേഷനിൽ സുരക്ഷാ സൈനികർ ഉണ്ടായിരിക്കണം. വെടിയുതിർത്തുകൊണ്ട് ഒരു പ്ലാറ്റ്ഫോമിൽനിന്ന് അടുത്തതിലേക്ക് നീങ്ങിയ അക്രമികളെ എന്തുകൊണ്ട് വെടിവെച്ചു വീഴ്ത്താൻ കഴിഞ്ഞില്ല?

കപ്പലിൽ വന്ന അക്രമികൾ സ്പീഡ് ബോട്ടിലാണ് കരയിൽ എത്തിയതെന്നും, യു.എസ്, യു.കെ പാസ്പോർട്ടുകൾ അവരുടെ കൈവശമുണ്ടായിരുന്നുവെന്നുമുള്ള ഇനിയും സ്ഥിരീകരിച്ചിട്ടില്ലാത്ത റിപ്പോർട്ടുകളും ദുരൂഹത ഉണർത്തുന്നുണ്ട്. സ്ഫോടനങ്ങളും വെടിവെപ്പും അവസാനിക്കും മുമ്പ് തന്നെ അക്രമികൾ വന്ന രീതിയെ കുറിച്ചും നുഴഞ്ഞുകയറ്റത്തെക്കുറിച്ചും പറയുന്നവർക്ക് എന്തുകൊണ്ട് മുംബൈ നഗരത്തെ വിറപ്പിച്ച അക്രമികളെ നേരത്തെ പിടികൂടാനായില്ല? ആക്രമണം നടന്നുകൊണ്ടിരിക്കെ ഇരുപത്തിയേഴിന് പുറത്തിറങ്ങിയ ചില പത്രങ്ങൾ ഡെക്കാൻ മുജാഹിദിൻ ആണ് ഇതിനു പിന്നിലെന്ന് ഇ-മെയിൽ സന്ദേശം ലഭിച്ചതായി പറയുന്നു. രാത്രി 8.30-ഓടെ ആരംഭിച്ച ആക്രമണത്തെക്കുറിച്ച് അർധരാത്രി 1-2 മണിയോടെ അച്ചടിച്ച പത്രങ്ങളിലാണീ വെളിപ്പെടുത്തലുള്ളത്. എന്നാൽ 27-നു രാത്രിവരെ ആഭ്യന്തര മന്ത്രാലയമോ ഇന്റലിജൻസോ ഡക്കാൻ മുജാഹിദീൻ എന്ന സംഘടന ഉള്ളതായോ അവർ ഇ-മെയിൽ വഴി ഉത്തരവാദിത്വമേറ്റടുത്തതായോ പറയുന്നില്ല. പുതിയ ഒരു സംഘടനയാണ് ഡക്കാൻ മുജാഹിദീൻ എങ്കിൽ, ഇത്രയും ആസൂത്രിതമായ ആക്രമണങ്ങൾ അഴിച്ചുവിടാൻ അവർക്ക് ഒറ്റക്ക് സാധിക്കുമോ; രാജ്യത്തിനകത്തുനിന്നു തന്നെ അവർക്ക് സഹായം കിട്ടിയിട്ടുണ്ടാവില്ലേ തുടങ്ങിയ സംശയങ്ങളും ചില മാധ്യമങ്ങൾ ഉയർത്തിയിട്ടുണ്ട്.

കേന്ദ്രവും മഹാരാഷ്ട്രയും ഭരിക്കുന്നത് കോൺഗ്രസ് ഗവൺമെന്റുകളാണ്. കോൺഗ്രസ്സിന്റെ മൃദു സമീപനമാണ് ഭീകരത വളർത്തുന്നതെന്ന് ബി.ജെ.പി ആരോപണം ഉന്നയിക്കുന്നുണ്ട്. ശനിയാഴ്ച (29.11.2008) നടക്കുന്ന ദൽഹി നിയമസഭാ തെരഞ്ഞെടുപ്പിലാവട്ടെ ഭീകരത മുഖ്യവിഷയമായി എടുത്തുകൊണ്ടാണ് ബി.ജെ.പിയുടെ പ്രചാരണം. തെരഞ്ഞെടുപ്പ് പ്രചാരണം അവസാനിച്ചത് വ്യാഴാഴ്ചയാണ്. തീർച്ചയായും ഈ ആക്രമണത്തിന്റെ അനുകൂല രാഷ്ട്രീയ ഫലങ്ങൾ ബി.ജെ.പിക്കായിരിക്കും ലഭിക്കുക. ആക്രമണങ്ങളുടെ പിന്നിൽ ഇന്ത്യയോട് വിദ്വേഷമുള്ള ചില വിദേശ കരങ്ങളാണെന്ന സംശയവും ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്തെ നടുക്കുന്ന, സമാധാനവും സുരക്ഷിതത്വവും സൗഹൃദാന്തരീക്ഷവും തകർക്കുന്ന ഇത്തരം ആക്രമണങ്ങളെ ചെറുത്തു തോൽപിക്കാൻ രാജ്യം ഒറ്റക്കെട്ടായി പൊരുതണം. ഭീകരതയെയും തീവ്രവാദത്തെയും മുഖം നോക്കാതെ എതിർക്കാനും നിഷ്കാസനം ചെയ്യാനും സാധിക്കണം. മുൻവിധികളില്ലാത്ത അന്വേഷണങ്ങളിലൂടെ കുറ്റക്കാരെ കണ്ടെത്തി കടുത്ത ശിക്ഷ തന്നെ നൽകണം. ■